BUSINESS MAGAZINE

MANAGEMENT
മാനേജ്മെന്റ്



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# ആഗോള സമ്പദ്‌വ്യവസ്ഥയുടെ ഭാവി എന്താകും? (ഭാഗം-1)

**ആഗോളതലത്തിൽ എന്ത് നടക്കുന്നു എന്നും ഭാവിയിൽ സ്ഥിതി എന്താകുമെന്നും സംരംഭകർ അറിഞ്ഞിരിക്കണം**

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, പലരും വിശേഷിപ്പിക്കുന്നത് പോലെ, ആഗോള വ്യാപാര യുദ്ധം പ്രഖ്യാപിച്ചതോടെ എനിക്കറിയാവുന്ന ബിസിനസുകാർക്കിടയിലെല്ലാം ആഗോള സമ്പദ്‌വ്യവസ്ഥയുടെ ഭാവിയെ കുറിച്ച് വലിയ ആശങ്ക പടർന്നിട്ടുണ്ട്.

ആഗോളതലത്തിൽ എന്താണ് നടക്കുന്നതെന്നും അത് എന്തുകൊണ്ട് സംഭവിക്കുന്നുവെന്നും ബിസിനസുകാർ മനസിലാക്കുകയും ഭാവിയിലെ സാഹചര്യങ്ങൾ എങ്ങനെയായിരിക്കുമെന്ന് പ്രവചിക്കാൻ കഴിയുകയും ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു. അതിലൂടെ ഭാവിയിലെ നിലനിൽപ്പും വിജയവും ഉറപ്പാക്കാൻ ആവശ്യമായ നടപടികളെടുക്കാൻ അവർക്കാകും.

ഭാവിയിലെ സാധ്യതകളെ കുറിച്ചുള്ള എന്റെ കാഴ്ചപ്പാട് ഏതാനും ലേഖനങ്ങളിലൂടെ വായനക്കാരുമായി പങ്കുവെയ്ക്കാമെന്ന് കരുതുന്നു.

എന്റെ പല പ്രവചനങ്ങളും വിമർശന വിധേയമാവാറുണ്ടെന്ന് എനിക്കറിയാം. ചിലത് തെറ്റാണെന്ന് തെളിഞ്ഞേക്കാം. പക്ഷേ, എന്റെ വായനക്കാർക്ക് സ്വന്തം നിലയിൽ അവരുടേതായ മാതൃകയും ഭാവിയെ കുറിച്ചുള്ള പ്രവചനങ്ങളും തയാറാക്കാൻ എന്റെ ലേഖനം സഹായകരമാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അത് എന്റേതിനേക്കാൾ കൃത്യമായിരിക്കുമെന്നും കരുതുന്നു.

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്നതു പോലെ ആഗോള പ്രവചന മാതൃകയെ മൂന്ന് വിഭാഗങ്ങളായി തിരിക്കാം. കാരണങ്ങൾ, നടപടികൾ, ഫലങ്ങൾ എന്നിങ്ങനെ.

*Figure 1: Global Prediction Model*




മിക്ക മാറ്റങ്ങളെയും നയിക്കുന്നത് ട്രംപ് ഭരണകൂടം നടപ്പിലാക്കുന്ന യുഎസ് നയങ്ങളാണ് എന്നതിനാൽ



ഈ മോഡലിൽ യുഎസ് കേന്ദ്രീകൃതമായ വീക്ഷണമാണ് സ്വീകരിച്ചിരിക്കുന്നത്. ആഗോള പ്രവചന മാതൃകയുടെ പ്രധാന കാരണം റേ ഡാലിയോ മുന്നോട്ട് വെച്ച ഗ്രേറ്റ് പവർ സൈക്കിൾ ആണ്.

കഴിഞ്ഞ 500 വർഷത്തിലേറെയായി, ലോകം വ്യത്യസ്ത മഹാശക്തികളുടെ ആധിപത്യത്തിന് കീഴിലാണ്. ചിത്രം രണ്ട് കാണുക.

*Figure 2: Domination by Great Powers*




ഈ സിദ്ധാന്തമനുസരിച്ച് മഹാശക്തികൾ ചിത്രം മൂന്നിൽ കാണിച്ചിരിക്കുന്നതു പോലെ സാധാരണ ചാക്രികതയിലൂടെ കടന്നുപോകുന്നു.

*Figure 3: Typical Great Power Cycle*




നിലവിൽ ആധിപത്യം പുലർത്തുന്ന ലോകശക്തി യുഎസാണ്. ചിത്രം നാലിൽ കൊടുത്തിരിക്കുന്നതു പോലെ ഉയർന്നുവരുന്ന ശക്തിയായ ചൈനയുമായി സംഘർഷം നടന്നുവരുന്നതിനാൽ ചാക്രികതയുടെ അവസാന ഘട്ടത്തിലാണ് ലോകമിപ്പോൾ.

*Figure 4: Where are we in the Great Power Cycle?*




ആഗോള പ്രവചന മാതൃക എന്താണെന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ ചർച്ച ചെയ്യാം. ■